(ബി) ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ 2001-02-ലെ കണക്കുകൾ പ്രകാരമുള്ള വിവരം താഴെ കൊടുക്കുന്നു:

കുരുമുളക്	..	203,956	ഹെക്ടർ
ഇഞ്ചി	..	10,706	,,
മഞ്ഞൾ	..	3,558	,,
ഗ്രാമ്പൂ	..	754	,,
ജാതിക്ക	..	602	,,
കറുവ	..	285	,,
ഏലം	..	41,336	,,

വാനിലയെ സംബന്ധിച്ച കണക്ക് ലഭ്യമായിട്ടില്ല.

(സി) 2003-04 വർഷത്തെ കുരുമുളക് വികസന പദ്ധതിയിൽ മൊത്തം 400 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ ജൈവ കുരുമുളക് ഉല്പാദനം, വിളവെടുപ്പിന് ശേഷമുള്ള സംസ്ക്കരണം, മൂല്യവർദ്ധന എന്നിവയിൽ വയനാട്, ഇടുക്കി, കണ്ണൂർ, കോഴിക്കോട്, പാലക്കാട്, കോട്ടയം, മലപ്പുറം എന്നീ ജില്ലകളിലെ കർഷകർക്കും ഫീൽഡ് ഉദ്യോഗസ്ഥർക്കും പരിശീലനം നൽകുന്നതിനുള്ള പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്. പരിശീലനത്തിന് മാത്രമായി 3.5 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. മറ്റു സുഗന്ധ വ്യഞ്ജനങ്ങളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും മേൽവിവരിച്ച പ്രകാരമുള്ള പരിശീലനങ്ങൾ നൽകി തൊഴിൽസാധ്യത വർദ്ധിപ്പിക്കുന്നതിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി നടപ്പുവർഷത്തെ മാക്രോമാനേജ്മെന്റ് പദ്ധതിയിൽ 75 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

(ഡി) സുഗന്ധവ്യഞ്ജനങ്ങളുടെ കയറ്റുമതി വർദ്ധിപ്പിക്കുന്നതിന് അവയ്ക്ക് കയറ്റുമതി മേഖല രൂപീകരിക്കുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ട്. വിളകളുടെ ഗുണമേന്മ ഉറപ്പുവരുത്തി വിദേശങ്ങളിൽ ഡിമാന്റ് വർദ്ധിപ്പിക്കുന്നതിനായി രോഗപ്രതിരോധ ശേഷിയുള്ള നടീൽവസ്തുക്കളും ജൈവവളങ്ങളും ജൈവകീടനാശിനികളും ഉപയോഗിച്ചുള്ള കൃഷി വ്യാപിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നുണ്ട്.

ഷോലവന സംരക്ഷണം

*14 [897] ശ്രീ. ജോർജ് ജെ. മാത്യു:
,, ഡൊമിനിക് പ്രസന്റേഷൻ:
,, തേറമ്പിൽ രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഹെക്ടർ ഷോലവനങ്ങൾ നിലവിലുണ്ട്; അവ എവിടെയെല്ലാമാണ്;

(ബി) ഷോലവനങ്ങളുടെ സംരക്ഷണത്തിനും സുരക്ഷിതത്വത്തിനുംവേണ്ടി എന്തെല്ലാം നടപടികൾ ഇതേവരെ സ്വീകരിച്ചിട്ടുണ്ട്;

(സി) ആയതിന്റെ ഫലമായി ഇനിമേൽ നിലവിലുള്ള ഷോലവനങ്ങൾ കയ്യേറ്റത്തിന് വിധേയമാവുകയില്ലെന്ന് ഉറപ്പാക്കാൻ കഴിയുമോ?

LIBRARY ARCHIVES Kerala Legislative Assembly

വനവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. കെ. സുധാകരൻ):

(എ) സംസ്ഥാനത്ത് ഉദ്ദേശം 7,000 ഹെക്ടർ (70 സ്കയർ കിലോമീറ്റർ) ഷോല വനങ്ങൾ ഉണ്ട്. സമുദ്രനിരപ്പിൽനിന്നും ഏകദേശം 1,400 മീറ്ററിന് മുകളിൽവരുന്ന പശ്ചിമ ഘട്ട മലനിരകളിൽ ഒറ്റപ്പെട്ട തുരുത്തുകളായാണ് കേരളത്തിൽ ഷോലവനങ്ങൾ കണ്ടു വരുന്നത്. ആലപ്പുഴ, കോട്ടയം, എറണാകുളം, കണ്ണൂർ, കാസർഗോഡ് എന്നിവ ഒഴികെയുള്ള കേരളത്തിലെ മറ്റെല്ലാ ജില്ലകളിലും ഷോലവനങ്ങൾ ഉണ്ട്.

(ബി) ഷോലവനങ്ങളുടെ സംരക്ഷണത്തിനും വികസനത്തിനുംവേണ്ടി 2000-01 സാമ്പത്തിക വർഷംവരെ "കൺസർവേഷൻ ആന്റ് ഡവലപ്മെന്റ് ഓഫ് ഹിൽ ഷോല ഫോറസ്റ്റ്" എന്ന പദ്ധതി നടപ്പാക്കിവന്നിരുന്നു. 2000-01-നുശേഷം ഷോലവനങ്ങളുടെ സംരക്ഷണത്തിനു മാത്രമായി പ്രത്യേക പദ്ധതികൾ ഒന്നുംതന്നെ നിലവിലില്ല.

(സി) വനസംരക്ഷണത്തിനായി നടപ്പാക്കിവരുന്ന വിവിധ പദ്ധതികളിൽപ്പെടുത്തി ഷോലവനങ്ങളും സംരക്ഷിക്കാൻ കഴിയും.

കന്നുകാലി വികസന ബോർഡ് ഏറ്റെടുത്തു നടത്തുന്ന വികസന പ്രവർത്തനങ്ങൾ

*15 [898] ശ്രീ. ഷിബു ബേബിജോൺ:
,, ജോണി നെല്ലൂർ:
,, ഉമേഷ് ചള്ളിയിൽ:
,, എ. എൻ. രാജൻ ബാബു:
,, കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കന്നുകാലി വികസന ബോർഡ് ഏറ്റെടുത്തു നടത്തുന്ന വ്യവസായേതര വികസനപ്രവർത്തനങ്ങൾക്ക് സർക്കാർ ധനസഹായം നൽകുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഒമ്പതാം പദ്ധതിക്കാലത്തിൽനിന്നും വിഭിന്നമായി ബോർഡിനുള്ള സഹായം ഇപ്പോൾ കുറഞ്ഞിട്ടുണ്ടെങ്കിൽ ആയതിന്റെ കാരണം വിശദമാക്കുമോ;

(സി) സംസ്ഥാന ക്ഷീരോല്പാദക മേഖലയുടെ സമഗ്രവികസനം ലക്ഷ്യമാക്കുന്ന കെ.എൽ.ഡി. ബോർഡിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സ്ഥാപനത്തിനാവശ്യമായ സഹായധനം ലഭ്യമാക്കാൻ സർക്കാർ നടപടിയെടുക്കുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) കേരള കന്നുകാലി വികസന ബോർഡ് ഏറ്റെടുത്ത് നടത്തുന്ന വ്യവസായേതര വികസനപ്രവർത്തനങ്ങൾക്ക് സർക്കാർ ധനസഹായം നൽകുന്നുണ്ട്. 2002-03 വർഷത്തിൽ സുനന്ദിനി വർഗ്ഗ കന്നുകാലികൾക്ക് ഒരു ഫോർഡ് ബുക്ക് സംവിധാനം നടപ്പിലാക്കുന്നതിനുവേണ്ടി 45 ലക്ഷം രൂപ നൽകിയിരുന്നു. ഇതിനുപുറമേ ബോർഡിലെ കൃഷി ഓഫീസർമാർ ക്ഷീരവികസന വകുപ്പുമായി ചേർന്ന് പുൽകൃഷി വ്യാപനപരിപാടികൾ നടത്തിയ ഇനത്തിൽ 20 ലക്ഷം രൂപ പ്രതിഫലമായി ക്ഷീരവികസന വകുപ്പ് കെ.എൽ.ഡി. ബോർഡിന് നൽകിയിട്ടുണ്ട്. 2003-04 വർഷത്തിൽ 60 ലക്ഷം രൂപയാണ് ബോർഡിനുവേണ്ടി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly